യിക റിസർവേഷൻ സഹകരണചട്ടത്തിൽ പറയുന്നില്ല. സഹകരണ ചട്ടം അനുസരിച്ചുള്ള അപ്പോയിന്റ്മെന്റ് ആകാമെന്നു പറഞ്ഞിരുന്നു. പക്ഷെ പല പത്രങ്ങളിലും വാർത്ത വരികയുണ്ടായി. സംവരണം നിഷേധിക്കപ്പെടുന്നു എന്നുള്ളത്. എന്നാൽ ഈ പ്രശ്നം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, ഭരണഘടനാ പ്രകാരം നിലനിൽക്കുന്നതായിട്ടുള്ള സാമുദായിക സംവരണം ബാധകമാക്കിക്കൊണ്ട് അപ്പോയിന്റ്മെന്റ് നടത്തുക എന്നുള്ള നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. കെ. മുഹമ്മദാലി : സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആഡിറ്റ് പരിശോധനയ്ക്കുശേഷം കണ്ടുപിടിക്കപ്പെടുന്ന ക്രമക്കേടുകളും ന്യൂനതകളും പരിഹരിക്കാൻ തുടർ നടപടികൾ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തു നിന്നുണ്ടോ; അതിനു കാലതാമസം വരാറുണ്ടോ?

ശ്രീ. എസ്. ശർമ്മ : തുടർ നടപടികൾക്ക് കാലതാമസം വരുന്നു എന്നുള്ള പരാതികൾ പല രൂപത്തിൽ ഗവണ്മെന്റിന്റെ മുന്നിൽ വരാറുണ്ട്. പരാതിരഹിതമായി ആഡിറ്റിനു മുൻപും ശേഷവും കാര്യങ്ങൾ കൊണ്ടുപോകണമെന്നുള്ളത് ലക്ഷ്യംവച്ചുകൊണ്ടാണ് പ്രത്യേക സംവിധാനം ആഡിറ്റിനുണ്ടാക്കണം എന്നുള്ളത് ആക്ടിൽ നിർദ്ദേശിക്കപ്പെട്ടത്. ആഡിറ്റിനു പ്രത്യേകമായി ഒരു ഡിപ്പാർട്ട്മെന്റ് ഉണ്ടാക്കുകയും, പ്രത്യേക ഡയറക്ടറെ നിയമിക്കുകയും ചെയ്യും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ.

സ്വാശ്രയ കോളേജുകൾ ആരംഭിക്കുവാൻ അനുമതി

4 (*183)ശ്രീ. ഉമ്മൻ ചാണ്ടി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകൾ സംസ്ഥാനത്ത് കൂടുതലായി അനുവദിക്കുന്നത് സംബന്ധിച്ച് ഗവണ്മെന്റ് നയം വെളിപ്പെടുത്തുമോ;

(ബി) സ്വാശ്രയ കോളേജുകൾ ആവശ്യമാണെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവണ്മെന്റ് സർവകലാശാല എന്നിവയുടെ ആഭിമുഖ്യത്തിൽ ഇത്തരം കോളേജുകൾ നടത്തുവാൻ അനുവാദം നൽകുമോ;

(ഡി) സ്വാശ്രയ കോളേജുകൾ സ്വകാര്യ മേഖലയിൽ അനുവദിക്കുകയില്ല എന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ;

(എഫ്) അർഹിക്കുന്ന സേവന പാരമ്പര്യമുള്ള സ്വകാര്യ സ്ഥാപനങ്ങൾക്ക് ഈ വർഷംതന്നെ സ്വാശ്രയ കോളേജുകൾ അനുവദിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ;

(ജി) മുൻഗവണ്മെന്റിന്റെ കാലത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിനെതിരെ രൂക്ഷമായ സമരം നടന്ന കാര്യം ഗവണ്മെന്റിൽ അറിവുണ്ടോ;

(എച്ച്) ഏതെങ്കിലും സാമൂഹിക സംഘടനകൾ ഈ ഗവണ്മെന്റിന്റെ പുതിയ നയത്തിനെതിരെ പ്രതികരിച്ചതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ ആരെല്ലാം എന്ന് വ്യക്തമാക്കുമോ;

(ജെ) ബഹുജനവികാരം മാനിച്ച് തീരുമാനം പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഗവണ്മെന്റ്, അർദ്ധഗവണ്മെന്റ് സഹകരണം എന്നീ മേഖലകളിൽ സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) നൽകുന്നതാണ്.

(ഡി)&(ഇ) സ്വകാര്യ മേഖലയുടെ കാര്യം ഇപ്പോൾ പരിഗണിച്ചിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ഉണ്ട്. എന്നാൽ ഇന്ന് വിഭാവനം ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിൽ നിന്നും തികച്ചും വിഭിന്നമായിരുന്നു മുൻ ഗവണ്മെന്റിന്റെ കാലത്ത് ആരംഭിച്ച സ്വാശ്രയ കോളേജുകൾ.

(എച്ച്) ഉണ്ട്.

(ഐ) കേരള ശാസ്ത്രസാഹിത്യ പരിഷത്തും ചില രാഷ്ട്രീയകക്ഷികളുടെ യുവജനസംഘടനകളും പ്രതികരിച്ചിട്ടുണ്ട്.

(ജെ) ഇല്ല. ഈ നയത്തിനെതിരെ ബഹുജനവികാരം ഉള്ളതായി ഗവണ്മെന്റ് കരുതുന്നില്ല.

വൈദ്യുതി വിതരണ രംഗത്തുണ്ടാകുന്ന തകരാറുകൾ

5 (*184) ശ്രീ. പി.സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗത്തുണ്ടാകുന്ന തകരാറുകൾ അടിയന്തിരമായി പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly